Rs. 20/-

jaagrathayude **Keraleeyam**
2012 December

# പ്ലാച്ചിമട സമരം തുടരേണ്ടതുണ്ട്

**കേരളീയം വാർത്താശൃംഖല**

**കേരള** നിയമസഭ ഏകകണ്ഠമായി പാസാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ അട്ടിമറിക്കുന്നതിന് വേണ്ടി നടക്കുന്ന കോർപ്പറേറ്റ് - രാഷ്ട്രീയ ഗൂഢാലോചനയിൽ പ്രതിഷേധിച്ച് പ്ലാച്ചിമടയിലെ കൊക്കക്കോളയുടെ ആസ്തികൾ പിടിച്ചെടുത്ത് അറസ്റ്റും ജയിലും വരിച്ച സമരം നടന്നിട്ട് ഈ ഡിസംബർ 17ന് ഒരുവർഷം പിന്നിടുന്നു. 500 ഓളം പേർ പങ്കെടുത്ത ബഹുജനമാർച്ച് കമ്പനിക്ക് മുന്നിലെത്തിയ ഉടൻ പോലീസ് വലയം ഭേദിച്ച് കമ്പനിക്കുള്ളിൽ പ്രവേശിച്ച് കൊക്കക്കോളയുടെ ആസ്തികൾ കണ്ടുകെട്ടിയതായി പ്രഖ്യാപിച്ച 22 പ്രവർത്തകരാണ് അന്ന് അറസ്റ്റിലായത്. അറസ്റ്റിലായവർ ജാമ്യം നിഷേധിച്ച് ജയിൽ പോവുകയായിരുന്നു. പ്ലാച്ചിമട ട്രിബ്യൂണൽ യാഥാർത്ഥ്യമാക്കാൻ സർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ട് അറസ്റ്റിലായവർ വിയ്യൂർ സെൻട്രൽ ജയിലിൽ അനിശ്ചിതകാല നിരാഹാരസമരം ആരംഭിക്കുകയും ചെയ്തു. കേരളമെമ്പാടും അവരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സമരങ്ങൾ ഉയർന്നുവന്ന പശ്ചാത്തലത്തിൽ, നിരാഹാര സമരത്തിന്റെ നാലാം നാൾ ട്രിബ്യൂണൽ യാഥാർത്ഥ്യമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് അറിയിച്ചുകൊണ്ട് ജലവിഭവവകുപ്പ് മന്ത്രി പി.ജെ. ജോസഫ് ജയിലിലേക്ക് ഫാക്സ് സന്ദേശമയയ്ക്കുയും തുടർന്ന് നിരാഹാരസമരം അവസാനിപ്പിച്ച പ്രവർത്തകർ ജാമ്യമെടുത്ത് പുറത്തുവരികയും ചെയ്തു. എന്നാൽ ഒരു വർഷം പിന്നിട്ടിട്ടും സ്ഥിതിഗതികളിൽ മാറ്റമില്ല. പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ ഇപ്പോഴും കേന്ദ്രത്തിൽ കുടുങ്ങിക്കിടക്കുകയാണ്. ബിൽ യാഥാർത്ഥ്യമാക്കുന്നതിനായുള്ള ശ്രമങ്ങളൊന്നും പിന്നീട് ഭരണ-പ്രതിപക്ഷ കക്ഷികളുടെ ഭാഗത്ത് നിന്നുമുണ്ടായില്ല. സമരവും പിന്നീട് വേണ്ടത്ര മുന്നോട്ടുപോയതുമില്ല.

ജനങ്ങളുടെ കുടിവെള്ളം കവർന്നെടുക്കുകയും കിണറുകൾ മലിനമാക്കുകയും കൃഷിയിടങ്ങളിൽ മാരക വിഷം നിക്ഷേപിക്കുകയും ചെയ്ത കൊക്കക്കോള കമ്പനി ഇപ്പോഴും കുറ്റം സമ്മതിക്കാതെ കോർപ്പറേറ്റ് ബലതന്ത്രങ്ങളിലൂടെ ഭരണ-നീതിനിർവ്വഹണ സംവിധാനങ്ങളെ വരുതിയിലാക്കി രക്ഷപെട്ടുകൊണ്ടിരിക്കുകയാണ്. 2002 ഏപ്രിൽ 22 മുതൽ തുടരുന്ന പ്ലാച്ചിമടയിലെ ജനകീയ സമരത്തിന് മുന്നിൽ പിടിച്ചുനിൽക്കാൻ കഴിയാതെ വന്ന ഈ ബഹുരാഷ്ട്ര കുത്തക ജനങ്ങൾക്ക് നീതി ലഭ്യമാക്കേണ്ട ജനാധിപത്യ സ്ഥാപനങ്ങളെ വിലയ്ക്കെടുത്ത് തീരുമാനങ്ങൾ തങ്ങൾക്ക് അനുകൂലമാക്കി മാറ്റുന്നു. പ്ലാച്ചിമടയിൽ വരുത്തിവച്ച നാശങ്ങൾക്ക് കൊക്കക്കോളയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനായി നഷ്ടത്തിന്റെ വ്യാപ്തിയും സ്വഭാവവും പഠിച്ച് റിപ്പോർട്ട് ചെയ്യാൻ 2009 ഏപ്രിൽ 9ന് സർക്കാർ ഒരു ഉന്നതാധികാര സമിതിയെ നിയോഗിക്കുകയും കെ. ജയകുമാർ ഐ.എ.എസ് ചെയർമാനായിരുന്ന ഉന്നതാധികാര സമിതി 2010 മാർച്ച് 22ന് സർക്കാറിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. 216.6 കോടി രൂപയുടെ നഷ്ടപരിഹാരം കോള കമ്പനി പ്ലാച്ചിമടക്കാർക്ക് നൽകണമെന്നും നിയമപരമായ പ്രക്രിയകളിലൂടെ കമ്പനിയിൽ നിന്നും നഷ്ടപരിഹാരത്തുക പ്ലാച്ചിമടക്കാർക്ക് നേടിയെടുക്കുന്നതിന് പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ സ്ഥാപിക്കണമെന്നും റിപ്പോർട്ട് ശുപാർശ ചെയ്തു. അതനുസരിച്ചാണ് പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ 2011 ഫെബ്രുവരി 28 ന് കേരള നിയമസഭ ഏകകണ്ഠേന പാസാക്കിയത്. ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി 2011 മാർച്ച് 30 സമർപ്പിക്കപ്പെട്ടു.

കോർപ്പറേറ്റ് ഇമേജിനെ ബാധിക്കുന്ന വിധം തങ്ങൾക്കെതിരെ ഉണ്ടാകാൻ പോകുന്ന നിയമനടപടികളെ തടയാൻ അതോടെ കൊക്കക്കോള ശ്രമമാരംഭിച്ചു. പ്ലാച്ചിമട സമരം സൃഷ്ടിച്ച അലയൊലികൾ കേരളത്തിൽ പ്രബലമായിരുന്നതിനാൽ ഇവിടെ ഇടപെടാൻ അവർക്ക് ഇടമുണ്ടായില്ല. കോർപ്പറേറ്റ് താത്പര്യങ്ങൾക്ക് വിശാലമായ ഇടമുള്ള കേന്ദ്ര മന്ത്രിസഭയിൽ സ്വാധീനം ചെലുത്തി പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിനെ ജീവനോടെ മറവുചെയ്യാനുള്ള ശ്രമങ്ങൾ അവർ തുടരുകയാണ്. ഭരണകൂടത്തിന്റെ അധികാരങ്ങളെ ചോദ്യം ചെയ്യുകയും സാധിക്കാതെ വരുമ്പോഴെല്ലാം സ്വാധീനങ്ങളും (ലോബിയിംഗ്) പണവും കാരുണ്യപ്രവർത്തികളും (കോർപ്പറേറ്റ് സാമൂഹികപ്രതിബദ്ധതാ ഫണ്ട്) നടത്തി ഭരണവ്യവസ്ഥയെ തങ്ങളുടെ വരുതിയിലാക്കുകയും ചെയ്യുന്ന കോർപ്പറേറ്റുകളുടെ ആഗോള രീതിശാസ്ത്രം അവർ ഇവിടെയും പയറ്റിക്കൊണ്ടിരിക്കുന്നു. കൊക്കക്കോളയുടെ ഇടനിലക്കാരനെപ്പോലെ പെരുമാറിയ കേന്ദ്ര ആഭ്യന്തര വകുപ്പ് (പി. ചിദംബരത്തിന്റെ കാലം) കൊക്കക്കോളയുടെ അഭിഭാഷകൻ ബില്ലിനെ ചോദ്യം ചെയ്തുകൊണ്ട് സമർപ്പിച്ച വക്കീൽ നോട്ടീസ് കേരളത്തിലേക്ക് അയയ്ക്കുകയാണ് ചെയ്തത്. അതിന് കേരളം മറുപടി നൽകിയെങ്കിലും പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ ഇപ്പോഴും കേന്ദ്ര ആഭ്യന്തര വകുപ്പിൽ നിന്നും രാഷ്ട്രപതിയുടെ അനുമതിക്കായി പോയിട്ടില്ല എന്നാണ് അറിയാൻ കഴിയുന്നത്.

ട്രിബ്യൂണൽ നിലവിൽ വന്ന് അതിന്റെ ഗുണഫലങ്ങൾ ജനങ്ങൾ അനുഭവിക്കണമെങ്കിൽ, സാമൂഹികനീതി യാഥാർത്ഥ്യമാകണമെങ്കിൽ ഇനിയും സമരങ്ങൾ വേണ്ടിവരും എന്നതാണ് അവസ്ഥ. വിഭവങ്ങളുടെ മേലുള്ള അവകാശവും അത് പരിരക്ഷിക്കുന്നതിനുള്ള അധികാരവും ജനങ്ങളിൽ, തദ്ദേശീയ സമൂഹങ്ങളിൽ നിക്ഷിപ്തമാകുന്നവിധം ജനകീയ രാഷ്ട്രീയം ശക്തമാവുക തന്നെയാണ് പ്ലാച്ചിമട സമരത്തിന്റെ പരിഹാരമാകുന്നതും മൂലധനശക്തികൾക്ക് മുന്നിൽ മുട്ടുമടക്കുന്ന ഭരണകൂടങ്ങൾക്ക് മറുപടിയാകുന്നതും. ജനാധികാരത്തെ വിപുലപ്പെടുത്താൻ ശ്രമിച്ച ജനകീയ സമരമെന്ന നിലയിൽ പ്ലാച്ചിമട സമരം മുന്നോട്ട് വച്ച, ഇനിയും നേടേണ്ട ലക്ഷ്യങ്ങൾ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തട്ടെ. **1.** പ്ലാച്ചിമടയുടെ ആവാസ വ്യവസ്ഥയെ നശിപ്പിച്ച കൊക്കക്കോള കമ്പനി തദ്ദേശവാസികൾക്ക് നഷ്ടപരിഹാരം നൽകി പുറത്തു പോവുക. **2.** പ്ലാച്ചിമടയെ വിഷമയമാക്കിയ കോളകമ്പനിയെ കുറ്റവിചാരണ ചെയ്യുക. **3.** പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് ഗ്രാമസഭകൾക്ക് നിയമപരിരക്ഷയോടുകൂടിയ പരമാധികാരം നൽകുക. **4.** പ്ലാച്ചിമടകൾ ആവർത്തിക്കാതിരിക്കാൻ മലിനീകരണ നിയന്ത്രണ നിയമങ്ങളിലും പഞ്ചായത്ത്രാജ് നിയമങ്ങളിലും മാറ്റങ്ങൾ വരുത്തുക.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21. Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : mailkeraleeyam@gmail.com